പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.181** — 18-03-2015 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള സമീപനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. ഹംസ**<br>**ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീ.ജി.സുധാകരൻ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളോട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമീപനം സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് അനുകൂലമാണോ ; പ്രസ്തുത സമീപനം മൂലം കടുത്ത പ്രതിസന്ധിയിൽപ്പെടാത്ത ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടോ;<br>(ബി) നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയത്തിന്റെ ഭാഗമായി തകർച്ചയിലേക്കും തുടർന്ന് സ്വകാര്യ വൽകരണത്തിലേക്കും നയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | (എ) & (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് അനുകൂലമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ആഗോളതലത്തിലുള്ള വ്യവസായമാന്ദ്യം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായവകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കാഴ്ചവെയ്ക്കുന്നത്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.<br><br>എന്നാൽ കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം കൂട്ടാത്തതുംകൊണ്ടും, ആൻറി ഡമ്പിങ്ങ് ഡ്യൂട്ടി എടുത്തു കളഞ്ഞതു കൊണ്ടും കെ.എം.എം.എൽ, റ്റി.റ്റി.പി, ടെൽക്ക്, കെൽട്രോൺ കംപോണൻറ് കോംപ്ലക്സ് മുതലായ സ്ഥാപനങ്ങൾ വിപണിയിൽ ശക്തമായ മത്സരം നേരിടുകയാണ്.<br><br>കയറ്റുമതി കൂട്ടുന്ന പ്രോത്സാഹനപരമായ നടപടികളായ ഡ്യൂട്ടി ഡ്രോബാക്ക് (DBK) ഉയർത്തൽ, ഡ്യൂട്ടി എൻറൈറ്റിൽമെൻറ് പാസ്സ് ബുക്ക് (DEPB) പുനസ്ഥാപിക്കൽ തുടങ്ങിയ നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കാത്തത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു ണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടത്തിൻെറ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുവേണ്ടി ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണനരംഗം ശക്തിപ്പെടുത്തിയും, ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പദ്ധതികളും നയസമീപനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്.

ഇത്തരത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായുള്ള വിവിധ ഹ്രസ്വ / ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 2014-15 ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 150 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു. ഇതോടൊപ്പം തന്നെ ഇ-ടെണ്ടർ മുഖേനയുള്ള സാധനസാമഗ്രികളുടെ വാങ്ങൽ ഉൽപ്പാദനച്ചെലവ് കുറക്കുന്നതിന് സഹായകമായിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളുമായുള്ള ഏറ്റെടുക്കൽ / സംയുക്ത സംരഭങ്ങളായ ബ്രഹ്മോസ് എയ്റോസ്പേസ് ടെൽക്ക്-എൻ.റ്റി.പി.സി, കെൽ-ബി.എച്ച്.ഇ.എൽ തുടങ്ങിയവയിൽ വിഭാവനം ചെയ്തിരുന്ന വികസന പദ്ധതികൾ പ്രാവർത്തികമാകാത്തതിനാൽ അവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. സംയുക്ത സംരംഭമായ സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡിൽ സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ബാങ്കിൻെറയും, സംസ്ഥാന സർക്കാരിൻെറയും സെയിലിൻെറയും ധനസഹായത്തോടു കൂടി നടപ്പാക്കിയ 65 കോടിയോളം രൂപ പദ്ധതി ചെലവുള്ള സ്റ്റീൽ റോളിംഗ് മി ല്ലിന്റെ വ്യവസായിക അടിസ്ഥാനത്തി ലുള്ള ഉൽപാദനം ഉടൻ ആരംഭിക്കുന്നതാണ്.

ചേർത്തലയിൽ ആട്ടോകാസ്റ്റും ഇന്ത്യൻ റെയിൽവേയുമായിട്ടുള്ള സംയുക്ത സംരംഭം റെയിൽവേയുടെ നയവ്യതിയാനം മൂലം ഇതേവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി വിവിധ മേഖലകളിലുള്ള സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. വിപണന വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ സഹകരണം വഴി ലക്ഷ്യമിടുന്നത്.

കാസർഗോഡ് പ്രവർത്തിക്കുന്ന ഭെൽ-ഇഎംഎൽ സംയുക്ത സംരംഭ കമ്പനിയിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റും ആധുനിക സാങ്കേതിക വിദ്യയും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

Manu
സെക്ഷൻ ഓഫീസർ